| 2009, ഖുത്ബ നമ്പര്‍- 18 |
|---|

01.05.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

കഴിഞ്ഞ ഖുത്ബയില്‍ അല്ലാഹുവിന്റെ സിഫത്ത് اَلنَّافِعْ എന്ന തിനെ വിവരിച്ചുകൊണ്ട് ഞാന്‍ പറഞ്ഞിരുന്നത് യഥാര്‍ത്ഥ അര്‍ത്ഥ ത്തില്‍ നമുക്ക് പ്രയോജനം നല്‍കുന്ന അസ്തിത്വം അല്ലാഹുവിന്റെ അസ്തിത്വമാണെന്നാണ്. അതുകൊണ്ട് അവനെ ആരാധിക്കുക. അല്ലാഹുവിനെ ആരാധിക്കാന്‍ അവന്‍ കല്‍പ്പിക്കുകയും ചെയ്തി ട്ടുണ്ട്. ഇതുമൂലം ഈ ലോകത്തും മരണാനന്തരജീവിതത്തിലും അവന്റെ അനുഗ്രഹങ്ങള്‍ക്കവകാശികളായി നാം മാറുന്നതാണ്. ആരാധനക്കൊപ്പം അവന്‍ പറഞ്ഞ കല്‍പനകളഖിലവും പാലിക്ക ണമെന്നും അവന്‍ കല്‍പ്പിക്കുന്നു. അല്ലാഹു പറയുന്നു; ഈ പ്രപ ഞ്ചത്തിലെ സര്‍വ്വതും തന്നെ എന്റെ സൃഷ്ടിപ്പാണ്. എന്റെ കല്‍പ്പ നയോടു കൂടി മാത്രമേ നിങ്ങള്‍ക്ക് ഇവയെല്ലാം ഗുണമോ ദോഷമോ വരുത്തുകയുള്ളൂ. നിങ്ങള്‍ ആശ്രയിക്കുന്ന എല്ലാ വസ്തുക്കളു ടെയും സൃഷ്ടാവ് ഞാനാണെന്ന് അല്ലാഹു പറയുന്നു. അല്ലാഹു പറയുന്നു, ഞാന്‍ റബ്ബുല്‍ ആലമീന്‍ ആകുന്നു. ഞാന്‍ റബ്ബുല്‍ ആല മീന്‍ ആയിരിക്കെ മറ്റെവിടെനിന്നാണ് നിങ്ങള്‍ നേട്ടങ്ങള്‍ പ്രതീക്ഷി ക്കുന്നത്? ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയത്തെ പ്രതിപാ ദിച്ചുകൊണ്ട് ഒരു സ്ഥലത്ത് അരുളുന്നു, അല്ലാഹുവിന്റെ റുബൂ ബിയ്യത്ത് അഥവാ സൃഷ്ടികര്‍തൃത്വം അതിനെ പരിപൂര്‍ണ്ണതയില്‍ എത്തിക്കലും എല്ലാ പ്രപഞ്ചങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. ഇതാണ് അല്ലാഹുവിന്റെ റുബൂബിയ്യത്ത്. അവന്‍ സൃഷ്ടിക്കുകമാത്രമല്ല ചെയ്തിരിക്കുന്നത്, മറിച്ച് സൃഷ്ടികളെ ഏതൊരു ഉന്നതനിലവരെ എത്തിക്കേണ്ടതുണ്ടോ അവിടെ വരെ എത്തിക്കുന്നു. സൃഷ്ടിപ്പിന് ശേഷം പ്രപഞ്ചം നിത്യവും അതിന്റെ മഹത്വം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യപ്രകൃതത്തില്‍ അല്ലാഹു അന്വേഷണത്വരവെച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വ്യത്യസ്ത പ്രപഞ്ചങ്ങളെകുറിച്ച് മനുഷ്യന്‍ ഗവേ ഷണം നടത്തുമ്പോള്‍ പുതിയ പുതിയ അറിവുകള്‍ അവന്ന് അല്ലാഹു വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ പ്രപഞ്ചങ്ങളില്‍ ആകാശ പ്രപഞ്ചവും ഉള്‍പ്പെടുന്നു. അതില്‍ വിവിധങ്ങളായ ഗ്രഹ ങ്ങളും നക്ഷത്രങ്ങളും എല്ലാം ഉള്‍പ്പെടുന്നു. പ്രപഞ്ചങ്ങളില്‍ ഭൗമി കമായി പ്രപഞ്ചവും ഉള്‍പ്പെടുന്നു. ഭൂമിയുടെ അകക്കാമ്പിലും മറ്റൊരു പ്രപഞ്ചം മറഞ്ഞുകിടക്കുന്നുണ്ട്. ഭൂമിയുടെ ബാഹ്യമായി നാം കാണുന്നത് മാത്രമല്ല ഉള്ളത്. ശാസ്ത്രജ്ഞന്മാര്‍ ഭൂമിയുടെ ഉള്ള റകളിലേക്കിറങ്ങി ഗവേഷണം നടത്തുകയും പുതിയ പുതിയ വസ്തുതകളെക്കുറിച്ചുള്ള അറിവുകള്‍ അവര്‍ നമുക്ക് പകര്‍ന്നു തരികയും ചെയ്യുന്നു.

ഇതുകഴിഞ്ഞാല്‍ സസ്യലോകമാണ്. സസ്യങ്ങള്‍, ചെടികള്‍ പുഷ്പങ്ങള്‍,കായ്കള്‍ എന്നിവയുടെ ഒരു പ്രപഞ്ചം. ഇതിലും എണ്ണ മറ്റ ഗുണങ്ങളാണുള്ളത്. ഇതിലെ ഓരോന്നിലും തന്നെ അല്ലാഹു വിന്റെ പ്രത്യേകമായ മഹത്വം പ്രകടമാണ്. എത്രയോ ഔഷധസസ്യ ങ്ങള്‍ ഇതില്‍ ഉള്‍പ്പെടുന്നു. അവ പല രോഗങ്ങള്‍ക്കും ശമനൗഷധ മാണ്. ഗവേഷണങ്ങള്‍ക്കൊടുവില്‍ പലതും ജനങ്ങള്‍ കണ്ടുപിടി ച്ചിട്ടുണ്ട്. എന്നാല്‍ ഈ മേഖലയിലും ഇനിയും പല രോഗങ്ങള്‍ക്കും ശമനൗഷധമായി മാറുന്ന ചെടികളെ കണ്ടെത്തുന്നതിന്ന് ഗവേഷണം നടത്തേണ്ടതായിട്ടുണ്ടാകാം. ഇതുകഴിഞ്ഞാല്‍ ജീവിജന്തുക്കളുടെ ഒരു പ്രപഞ്ചമാണ്. ചുരുക്കത്തില്‍ അല്ലാഹുവിന്റെ വിവിധങ്ങളായ സൃഷ്ടിപ്പുകളാണ് ലോകത്തുള്ളത്. ഓരോ സൃഷ്ടിപ്പിലും ഒരു ഉദ്ദേ ശമുണ്ട്. അവ ഓരോന്നും അത് പൂര്‍ത്തിയാക്കിക്കൊണ്ടിരിക്കുക യാണ്. അവ ഓരോന്നിനേയും നിലനിര്‍ത്തുവാനാവശ്യമായ വസ്തു ക്കളും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു, റുബൂബിയ്യത്തെ ഇലാഹി എല്ലാ ആത്മാക്കളിലും ശരീരങ്ങളിലും ജീവജാലങ്ങളിലും സസ്യലതാതിതകളിലും അചേതനവസ്തുക്കളിലും വ്യാപിച്ചിരിക്കു ന്നതുകൊണ്ട് അത് എല്ലാ വസ്തുക്കള്‍ക്കും പൊതുവിലുള്ള അനു ഗ്രഹം ചൊരിയുന്നു. കാരണം ലോകത്ത് നിലവിലുള്ള ഓരോന്നും തന്നെ അല്ലാഹുവില്‍നിന്നും ഫലമെടുക്കുന്നു. അവന്‍ മുഖേന യാണ് എല്ലാം നിലനില്‍ക്കുന്നത്. റുബൂബിയ്യത്തെ ഇലാഹി എന്നത് എല്ലാ വസ്തുക്കള്‍ക്കും അസ്തിത്വം നല്‍കുന്നതും പ്രത്യക്ഷമാ കുന്ന എല്ലാ വസ്തുക്കളെയും അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തി ക്കുന്നതുമാണെങ്കിലും അതില്‍ നിന്ന് ഏറ്റവും കൂടുതല്‍ ഫലമെ ടുക്കുന്നത് മനുഷ്യനാണ്. കാരണം അല്ലാഹുവിന്റെ എല്ലാതരം സൃഷ്ടിപ്പില്‍നിന്നും മനുഷ്യന്‍ ഫലമെടുക്കുന്നു. അത്കൊണ്ട് മനു ഷ്യന്റെ നാഥന്‍ റബ്ബുല്‍ ആലമീനാണെന്ന് അവനെ ഓര്‍മ്മപ്പെടുത്തു ന്നു. മനുഷ്യന്റെ പ്രതീക്ഷ വര്‍ദ്ധിക്കുന്നതിനും മനുഷ്യന്റെ ഗുണത്തി നായി അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങള്‍ വളരെ വിശാലമാണെന്നും വിവിധങ്ങളായ കാര്യകാരണങ്ങളെ അവന് കൊണ്ടുവരാന്‍ കഴിയു മെന്നും മനുഷ്യന്‍ മനസ്സിലാക്കുന്നതിനും വേണ്ടിയാണിത്.

റബ്ബുല്‍ ആലമീനായ അല്ലാഹുവാണ് ഈ ലോകത്തുള്ള സകല വസ്തുക്കളുടേയും സൃഷ്ടാവ്. ആ വസ്തുക്കളെക്കുറിച്ച് നാം ഇതുവരെ അറിഞ്ഞിട്ടില്ലെങ്കിലും ശരി, അതിന്റെയെല്ലാം സൃഷ്ടാവ് അവന്‍ തന്നെ. റബ്ബുല്‍ ആലമീനായ അല്ലാഹുവിന് മനുഷ്യനോടുള്ള കാരുണ്യം എന്ന് പറഞ്ഞാല്‍ അവന്‍ സൃഷ്ടിച്ചിരിക്കുന്ന സകലതും തന്നെ മനുഷ്യന്റെ ഗുണത്തിന്നായാണ് സൃഷ്ടിച്ചിരിക്കുന്നത്. അല്ലാ ഹുവിന്റെ സൃഷ്ടിപ്പിനെ കുറിച്ച് ലോകര്‍ ഗവേഷണം നടത്തിക്കൊ ണ്ട് ഏതെല്ലാം രീതിയിലുള്ള അറിവുകള്‍ കരസ്ഥമാക്കിക്കൊണ്ടി രിക്കുന്നുണ്ടോ, അവയിലെല്ലാം തന്നെ മനുഷ്യനുള്ള പ്രയോജനം വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ സകലസൃഷ്ടി പ്പിനേകുറിച്ചും പരാമര്‍ശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു, മനുഷ്യനോട് കാരുണ്യം കാണിച്ചുകൊണ്ട് എണ്ണമറ്റ വസ്തുക്കള്‍ മനുഷ്യന്റെ ഗുണത്തിന്നായി സൃഷ്ടിക്കുകയും അതില്‍ നിന്ന് ഫലമെടുക്കുന്നതിന്നായി ഇവയെല്ലാം തന്നെ മനു ഷ്യന്റെ അധീനതയില്‍ ആക്കുകയും ചെയ്ത അല്ലാഹുവിന്ന് ഭാവി യിലും മനുഷ്യന് ഗുണപ്രദമായ മറ്റുവസ്തുക്കളും സൃഷ്ടിക്കുവാ നുള്ള കഴിവുണ്ടെന്ന് മനസ്സിലാക്കണം എന്നാണ് ഇവയെല്ലാം നമ്മോട് പറയുന്നത്. അതേപോലെ ഇപ്പോഴുള്ള വസ്തുക്കളില്‍ നിഗൂഢമാ യികിടക്കുന്ന വ്യത്യസ്ത ഗുണങ്ങളെ മനുഷ്യന്റെ ഗുണത്തിന്നായി പ്രകടമാക്കാനും അവന് കഴിവുണ്ട്. റബ്ബുല്‍ ആലമീനായ അല്ലാഹു ഇത്രമാത്രം മനുഷ്യരോട് ഔദാര്യം ചെയ്യുമ്പോള്‍ നാം എത്രമാത്രം അവനോട് കൃതജ്ഞത ഉള്ളവരായി മാറണം. അതോടൊപ്പം അവ നോടുള്ള കടപ്പാടുകള്‍ നാം ചെയ്യുകയും ശിര്‍ക്കില്‍ നിന്ന് തന്നെ പൂര്‍ണ്ണമായും മുക്തമാക്കി അല്ലാഹുവിന്റെ പ്രീതിക്കായി നാം പരി ശ്രമിക്കുകയുംവേണം. നിങ്ങളുടെ ഗുണത്തിന്നായി ഞാന്‍ എത്ര യോ വസ്തുക്കള്‍ സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം വിശുദ്ധഖുര്‍ആനില്‍ അല്ലാഹു വിവിധ സ്ഥലത്ത് വിവരിക്കുന്നുണ്ട്. ഈ വസ്തുക്കളില്‍

നിന്നും ഫലമെടുക്കുമ്പോഴെല്ലാം ഇതിന്റെ സൃഷ്ടാവ് ഞാനാണെന്നകാര്യം എപ്പോഴും നിങ്ങൾ ഓർക്കേണ്ടതാണ്. അവൻ സൃഷ്ടിക്കുക മാത്രമല്ല ചെയ്തത് അതോടൊപ്പം ലോകത്തുള്ള സകലവസ്തുക്കളുടെയും നിയന്ത്രണവും അവന്റെ കരങ്ങളിൽ നിക്ഷിപ്തമാണ്. റബ്ബുൽ ആലമീനും, റഹ്മാനും ,റഹ്മാനിയ്യത്ത് മുഖേന ജനങ്ങൾക്ക് കാരുണ്യം നൽകുന്നവനും, റഹീമിയ്യത്ത് മുഖേന അദ്ധ്വാനിക്കുന്നവർക്ക് അവന്റെ സൃഷ്ടിപ്പിൽനിന്നും കൂടുതൽ അനുഗ്രങ്ങൾ നൽകുകയും ചെയ്യുന്ന ആ ദൈവത്തെ ഉപേക്ഷിച്ചുകൊണ്ട് മറ്റുള്ളവയിൽ ആശ്രയം കണ്ടെത്താനുള്ള ശ്രമം നടത്തുക എന്നതു തന്നെ പമ്പരവിഡ്ഢിത്തമാണ്.

റബ്ബും റഹ്മാനും റഹീമും മറ്റ് അനന്തമായ സിഫത്തകുളുടെ ഉടമസ്ഥനുമായ അല്ലാഹുവാണ് ആരാധനക്ക് അർഹൻ. വിശുദ്ധ ഖുർആനിൽ ഒരു സ്ഥലത്ത് അല്ലാഹു പറയുന്നു;

إِنَّ فِي خَلْقِ السَّمٰوٰتِ وَالْأَرْضِ
وَاخْتِلَافِ الَّيْلِ وَالنَّهَارِ وَالْفُلْكِ الَّتِي
تَجْرِي فِي الْبَحْرِ بِمَا يَنْفَعُ النَّاسَ وَمَا
أَنْزَلَ اللّٰهُ مِنَ السَّمَاءِ مِنْ مَّاءٍ فَأَحْيَا بِهِ
الْأَرْضَ بَعْدَ مَوْتِهَا وَبَثَّ فِيهَا مِنْ كُلِّ
دَآبَّةٍ وَّ تَصْرِيفِ الرِّيٰحِ وَالسَّحَابِ
الْمُسَخَّرِ بَيْنَ السَّمَاءِ وَالْأَرْضِ لَاٰيٰتٍ
لِّقَوْمٍ يَّعْقِلُونَ ﴿١٦٥﴾ 2:165

ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറി വരുന്നതിലും മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും മേഘങ്ങളിൽനിന്ന് അല്ലാഹു വെള്ളമിറക്കി ഭൂമിയെ അത് നിർജ്ജീവമായി കിടന്നശേഷം സജീവമാക്കുകയും അതിൽ എല്ലാ തരം ജീവജാലങ്ങളെയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതി വിഗതികളിലും ആകാശഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധിഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പല ദൃഷ്ടാന്തങ്ങളുമുണ്ട് (2:165)

ഈ ആയത്തിൽ അല്ലാഹു മനുഷ്യർക്ക് നൽകിയിരിക്കുന്ന ചില ഉപകാരങ്ങളെകുറിച്ച് പറഞ്ഞുകൊണ്ട് അവരെ ഓർമ്മപ്പെടുത്തുന്നത് നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ ഒരിക്കലും നിങ്ങൾക്ക് അല്ലാഹുവിനെവിട്ടുകൊണ്ട് മറ്റൊരിടത്തേക്ക് പോകാൻ സാധ്യമല്ല. മറിച്ച് അല്ലാഹുവിന്റെ ഓരോ സൃഷ്ടിപ്പിൽനിന്നും നിങ്ങൾ ഗുണമെടുക്കുമ്പോൾ നിങ്ങളെ അവന്റെ മുമ്പിൽ കുമ്പിടുന്നവരാക്കി മാറ്റുന്നതാണ്. ഈ ആയത്തിനുതൊട്ടുമുമ്പുള്ള ആയത്തിൽ അല്ലാഹു പറയുന്നു;

وَإِلٰهُكُمْ إِلٰهٌ وَّاحِدٌ ۚ لَآ إِلٰهَ إِلَّا هُوَ
الرَّحْمٰنُ الرَّحِيمُ ﴿١٦٤﴾ 2:164 ع

നിങ്ങളുടെ ദൈവം തന്റെ അസ്തിത്വത്തിൽ ഏകദൈവമാകുന്നു. അവനല്ലാതെ വേറെയൊരു ആരാധ്യനുമില്ല. ചോദിക്കാതെ കരുണ നൽകുന്നവനും വീണ്ടും വീണ്ടും കരുണചൊരിയുന്നവനുമാണവൻ. (2:164)

അവൻ ചോദിക്കാതെതന്നെ കരുണ ചൊരിഞ്ഞുകൊണ്ട് തന്റെ അനുഗ്രഹങ്ങൾ നൽകുന്നു. അവൻ നൽകുന്ന അനുഗ്രഹങ്ങളിൽനിന്ന് കൃതജ്ഞതാപ്രകടനത്തിലൂടെ മനുഷ്യൻ പ്രയോജനമെടുക്കുമ്പോൾ അവൻ അല്ലാഹുവിന്റെ കൂടുതലായ അനുഗ്രഹത്തിന്റെ അവകാശിയായി മാറിക്കൊണ്ടിരിക്കുന്നു.

ഞാൻ ഓതിയ ആദ്യആയത്തിൽ, തന്റെ റഹ്മാനിയ്യത്തിന്റെ ചില പ്രകടനങ്ങളാണ് അല്ലാഹു വിവരിക്കുന്നത്. പറയുന്നു, ആകാശഭൂമിയുടെ സൃഷ്ടിപ്പ് എന്നതും എന്റെ അനുഗ്രഹങ്ങളിൽപെട്ടതാണ്. ഈ സൃഷ്ടിപ്പും വ്യർത്ഥമല്ല. നമ്മുടെ സൂര്യനും അതുമായി ബന്ധപ്പെട്ട സൂര്യ ചന്ദ്ര ഗോളങ്ങളും മറ്റും അന്തരീക്ഷത്തിൽ നിലനിൽക്കുന്ന ഗ്യാസുകളും വായുമണ്ഢലങ്ങളും ഇവയെല്ലാം തന്നെ മനുഷ്യന്റെ ഗുണത്തിനുവേണ്ടിയുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ധരണി കേൾപ്പിച്ചുകൊണ്ട് ഞാൻ പറഞ്ഞിരുന്നു, ഭൂമിയിൽ തന്നെ വിവിധ പ്രപഞ്ചങ്ങളുണ്ടെന്ന്. പലപല സൃഷ്ടികളും ഇവിടെയുണ്ട്. അവ ഓരോന്നും തന്നെ ഓരോ ലോകമാണ്. ഇവയെല്ലാം മനുഷ്യനന്മക്കായുള്ളതാണ്. അതേപോലെ രാപ്പകൽ മാറി മാറിവരുന്ന സംഭവം. 24 മണിക്കൂറിനുള്ളിൽ രാവും പകലും വ്യത്യസ്ത അളവിൽ മാറിമാറിവരുന്നു. മനുഷ്യനെ ഒരേ ഒരു അവസ്ഥയിൽ നിർത്താതെ അവനെ വ്യത്യസ്ത അവസ്ഥയിലേക്ക് മാറ്റാൻ ഇതാവശ്യമാണ്. ജോലിക്കായും വിശ്രമത്തിന്നായും ഇതാവശ്യമാണ്. മറ്റൊന്ന് സമുദ്രമാണ്. അതിൽ കപ്പലുകൾ സഞ്ചരിക്കുന്നു. സഞ്ചാരികളെയും സാധനസാമഗ്രികളെയും അത് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നു. ഇന്നും അല്ലാഹുവിന്റെ ഈ അനുഗ്രഹത്തെ ആർക്കും നിഷേധിക്കാൻ സാധ്യമല്ല. കാരണം കച്ചവട സാധനങ്ങളിലധികവും ഈ കപ്പലുകളിലും വഞ്ചികളിലുമാണ് ഒരു സ്ഥലത്തുനിന്ന് മറ്റൊരുസ്ഥലത്തേക്ക് കൊണ്ടുപോകുന്നത്. ഈ സമുദ്രങ്ങളുടെ മറ്റൊരു ഗുണം ഇതിലെ വെള്ളത്തെ മേഘങ്ങളാക്കി മാറ്റി അല്ലാഹു വീണ്ടും മനുഷ്യന് ജീവിതത്തിനുള്ള വഴി ഒരുക്കുന്നു. മനുഷ്യരുടേയും ജീവജാലങ്ങളുടേയും ഭക്ഷണവും ഈ വെള്ളവുമായാണ് ബന്ധപ്പെട്ടുകിടക്കുന്നത്. ഈ വെള്ളമില്ലെങ്കിൽ കൃഷിയെകുറിച്ച് ചിന്തിക്കാനേ പറ്റില്ല. മഴക്ക് അൽപ്പം കുറവ് വന്നാൽ മതി ആകെ പ്രശ്നമാണ്. ദീർഘകാലം മഴ വർഷിക്കുന്നില്ലെങ്കിൽ വരൾച്ചയുണ്ടാകുന്നു. വെള്ളത്തിന്റെ പ്രാധാന്യത്തെകുറിച്ച് വിവരിച്ചുകൊണ്ട് സൂറത്തിൽ മുൽഖിൽ അല്ലാഹു പറയുന്നു;

قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَآؤُكُمْ غَوْرًا
فَمَنْ يَّأْتِيكُمْ بِمَآءٍ مَّعِينٍ ﴿٣١﴾ 67:31 ع

പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ, നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ടുവന്നുതരിക?(67:31)

ഭൂമിയിലുള്ള വെള്ളം ജീവൽദായകമായിത്തീരുന്നത് ആകാശത്ത് നിന്ന് അല്ലാഹുവിന്റെ വെള്ളം ഇറങ്ങുമ്പോഴാണ്. കാറ്റും മനുഷ്യജീവിതത്തിൽ സ്വാധീനം ചെലുത്തുന്നു. ചെടികളിലും ഇതിന്റെ സ്വാധീനമുണ്ട്. നമ്മുടെ കർഷകർ ഇക്കാര്യം ശരിക്കും അറിയുന്നവരാണ്. കാറ്റിന്റെ ഗതി കൃഷിക്ക് ഗുണവും ദോഷവും ചെയ്യുമെന്ന് പാകിസ്ഥാനിലെയും ഇന്ത്യയിലെയും കർഷകരും മറ്റുനാട്ടിലെ

കർഷകരും അറിയുന്നു. ഇന്ന ദിശയിൽ കാറ്റുവീശുകയാണെങ്കിൽ കൃഷിക്ക് ഗുണമുണ്ടാകുമെന്നും തണുത്തകാറ്റ് ചിലസമയത്ത് കൃഷിക്ക് ഗുണം ചെയ്യുമെങ്കിൽ മറ്റു സമയത്താണെങ്കിൽ അത് നഷ്ടം വരുത്തിവെക്കുന്നതാണ്. ഇതെല്ലാം അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് യാദൃശ്ചികമായല്ല. അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള തെളിവുകളാണിവ. പ്രപഞ്ചത്തിലും ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലിന്റെ മാറിമാറിയുള്ള വരവിലും കാലാവസ്ഥ വ്യതിയാനത്തിലും എല്ലാം ചിന്തിക്കുമ്പോൾ മനുഷ്യന് അല്ലാഹുവിന്റെ അസ്തിത്വത്തിൽ ദൃഢവിശ്വാസം ഉണ്ടാകുന്നു. ഉണ്ടായിത്തീരേണ്ടതാണ്. ഇതെല്ലാം സൃഷ്ടിച്ചുകൊണ്ട് അല്ലാഹു പറയുന്നത് ഞാൻ തന്നെയാണ് ഇതിനെ നിയന്ത്രിക്കുന്നത് എന്നാണ്. റഹ്മാനിയ്യത്തിലൂടെ തന്റെ സൃഷ്ടിപ്പ് മുഖേന പൊതുവിൽ എല്ലാവർക്കും പ്രയോജനം എത്തിക്കുന്നതോടൊപ്പം റഹീമിയ്യത്തിലൂടെ അസാധാരണതരത്തിലുള്ള അടയാളങ്ങൾ കാണിക്കുകയും ചെയ്യുന്നു.

ഒരിക്കൽ മക്കയിൽ ഏഴുവർഷം വരെ വരൾച്ച അനുഭവപ്പെട്ടു. ഒരു ദീർഘകാലം വരൾച്ച നീണ്ടപ്പോൾ എല്ലുകളും തൊലികളും വരെ മനുഷ്യൻ തിന്ന് ജീവിക്കേണ്ടതായി വന്നു. ആ സമയത്ത് മക്കയിലെ നേതാക്കന്മാർ തിരുനബി(സ)യുടെ സവിധത്തിൽ ഹാജറായി സഹായം അർത്ഥിക്കുകയും ദുആക്കായി അപേക്ഷിക്കുകയും ചെയ്തു. അല്ലാഹുവിന്റെ സിഫത്തുകളുടെ പ്രതിബിംബമായിരുന്ന തിരുനബി(സ) പ്രാർത്ഥിക്കുകയും അങ്ങിനെ വരൾച്ചയുടെ അവസ്ഥ അവസാനിക്കുകയും ചെയ്തു. അവർക്ക് ഭക്ഷണം ലഭിക്കുകയും ചെയ്തു.

ഇതേപോലെ മദീനയിലുള്ളവർ മഴക്ക് വേണ്ടി തിരുനബി(സ)യോട് അപേക്ഷിച്ചപ്പോൾ തിരുനബി(സ) ദുആ ചെയ്യുകയും പെട്ടെന്ന് മേഘം പ്രത്യക്ഷപ്പെടുകയും മഴ വർഷിക്കാൻ തുടങ്ങുകയും ചെയ്തു. അത് പെയ്തുകൊണ്ടേ ഇരുന്നു. അടുത്ത ആഴ്ച സഹാബത്ത് വന്ന് മഴ നിൽക്കാൻ വേണ്ടി പ്രാർത്ഥിക്കാൻ തിരുനബി(സ)യോട് അപേക്ഷിച്ചു. തിരുനബി(സ) ആ സമയത്ത് ദുആ ചെയ്തു. 'അല്ലാഹുവേ ഞങ്ങൾക്കു ചുറ്റിലും നീ മഴ വർഷിപ്പിക്കേണമേ. ഞങ്ങളിൽ വർഷിപ്പിക്കരുതേ. കാരണം കുടിലുകൾ നലംപൊത്താൻ തുടങ്ങിയിരിക്കുന്നു. അല്ലാഹുവേ എവിടെയാണ് ഗുണമുള്ളത് അവിടെ വർഷിപ്പിക്കേണമെ. അങ്ങിനെ ആ ദുആയും അല്ലാഹു സ്വീകരിക്കുകയുണ്ടായി. അല്ലാഹു തന്റെ അസ്തിത്വത്തിന്റെ തെളിവ് നൽകുന്ന വ്യക്തികളെ തിരുനബി(സ)യുടെ സമൂഹത്തിൽ സൃഷ്ടിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഈ വ്യക്തികൾ ജനങ്ങളുടെ ഗുണത്തിന് കാരണമായിത്തീരുന്നവരാണ്. ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതവും മനുഷ്യന് ഫലപ്രദമാണെന്ന് നമുക്ക് കാണാൻ സാധിക്കുന്നതാണ്. ആ മഹാത്മാവിന്റെ പ്രാർത്ഥനയിലൂടെ പലർക്കും തന്നെ പ്രയോജനം ലഭിക്കുകയുണ്ടായി.

അല്ലാഹു പറയുന്നു, ഞാൻ സൃഷ്ടിച്ചിരിക്കുന്ന വസ്തുക്കൾ നിങ്ങളുടെ സേവനത്തിന് നൽകിയിരിക്കുന്നത് നിങ്ങൾ കാണുമ്പോൾ എന്നിലുള്ള നിങ്ങളുടെ വിശാസം വർദ്ധിച്ചുകൊണ്ടിരിക്കണം.

ഈ ഭൗതികപ്രപഞ്ചത്തെ ഉദാഹരിച്ചുകൊണ്ട് അല്ലാഹു ആത്മീയ പ്രബഞ്ചത്തെ നമ്മുടെ മുമ്പാകെ സമർപ്പിക്കുന്നു. ഭൗതിക പ്രപഞ്ചത്തെക്കാളും വിശാലമാണ് ആത്മീയ പ്രപഞ്ചം. കാരണം ഇവിയെയുള്ള ലാഭനഷ്ടങ്ങൾ അത് ഇവിടെ തന്നെ വിട്ടുപോകാനുള്ളതാണ്. എന്നാൽ ആത്മീയലോകത്തേക്ക് സമ്പാദിച്ചിട്ടുള്ളത് പരലോകത്ത് ഗുണം ചെയ്യുന്നതാണ്. അതുകൊണ്ട് ഒരു വിശ്വാസി ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ ഈ ലോകത്തുള്ള നേട്ടങ്ങൾക്ക് മാത്രമായി കരുതുകയില്ല. മറിച്ച് അതിനെകുറിച്ച് ചിന്തിച്ചുകൊണ്ട് അല്ലാഹുവിന്റെ ഏകത്വവും അവനിലുള്ള വിശ്വാസവും ആഖിറത്തിലുള്ള വിശ്വാസവും അവന്റെത് ശക്തിപ്പെടുന്നതാണ്. രാപ്പകലിന് മനുഷ്യന്റെ നിത്യജീവിതത്തിൽ പല ഗുണങ്ങളും ഉള്ളതുപോലെ രാപ്പകലിന്റെ ഉദാഹരണം നമ്മുടെ മുമ്പാകെ സമർപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നത് ആത്മീയ പ്രപഞ്ചത്തിലും അന്ധകാരത്തിന് ശേഷം പ്രകാശത്തെ ഞാൻ കൊണ്ടുവരുന്നു. ഇതുമുഖേന ആത്മീയ അന്ധകാരം അകറ്റപ്പെടുന്നു. തന്റെ മലക്കുകളും പ്രവാചകരും വരിഷ്ഠദാസരും മുഖേന ഈ അന്ധകരാണങ്ങളെ ദുരീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഞാൻ ആസൂത്രണം ചെയ്യുന്നു. ഒരു കാലത്തും തന്നെ ആ പ്രകാശത്തെ പ്രത്യക്ഷപ്പെടുത്തുന്നതിൽനിന്നും അല്ലാഹു വിട്ടുനിന്നിട്ടില്ല. ഇക്കാലത്തും തന്റെ വാഗ്ദാനപ്രകാരം അവൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അയക്കുകയും അദ്ദേഹം മുഖേന ഇസ്ലാമിന്റെ പ്രകാശം നവമായ രീതിയിൽ നമുക്ക് പ്രദർശിപ്പിച്ച് തരികയും ചെയ്തു.

ഭൗതികലോകത്ത് അല്ലാഹു കപ്പൽ മുഖേന വളരെ സുരക്ഷിതമായി ചരക്കുനീക്കുവും യാത്രാ സൗകര്യവും ഒരുക്കിയിട്ടുണ്ടോ ഇതേ പോലെ ആത്മീയലോകത്തും അല്ലാഹു തന്റെ വരിഷ്ഠദാസരെ അയച്ചുകൊണ് ആത്മീയ കപ്പൽ നിർമ്മിക്കുന്നു. ഈ കപ്പൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നറഞ്ഞ ഈ ലോകത്ത്നിന്നും അല്ലാഹുവിന്റെ വരിഷ്ഠദാസരെ വിശ്വസിച്ചവരെ സുരക്ഷിതമായി രീതിയിൽ അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നു. അല്ലാഹുവിന്റെ പ്രീതിയിൽ ഇരുലോകനന്മയാണ് അവരുടെ ലക്ഷ്യം. അല്ലാഹുവിന്റെ ഈ അനുഗ്രഹം ഒരിക്കലും തന്നെ അവൻ നിർത്തിക്കളഞ്ഞിട്ടില്ല. കരയിലും കടലിലും അക്രമം വ്യാപിച്ചതായി അല്ലാഹു കാണുമ്പോഴെല്ലാം കുഴപ്പങ്ങൾ അതിരുകടക്കുമ്പോൾ അല്ലാഹു തന്റെ സൃഷ്ടികളെ രക്ഷപ്പെടുത്തുന്നതിന്നായി തന്റെ വരിഷ്ഠദാസരെ അയക്കുന്നു.

ഈ പ്രളയത്തിൽനിന്നും സുരക്ഷിതമായ രീതിയിൽ അവരെ കൊണ്ടുപോകുന്ന ഒരു കപ്പൽ അവർ നിർമ്മിക്കുന്നു. ഇന്ന് ഈ കിശ്ത്തി (കപ്പൽ) ഹദ്റത്ത് മസീഹ് മൗഊദ് (അ) നിർമ്മിച്ചിരിക്കുന്ന കിശ്ത്തിയാണ്. അതിൽ സഞ്ചരിക്കുന്നവർ അതിന്റെ നിബന്ധനകളെ അനുസരിച്ച് ജീവിക്കുന്നവരായിരിക്കണം. അതല്ലെങ്കിൽ അതിന്റെ നിബന്ധനകളനുസരിച്ച് ജീവിക്കാൻ പരിശ്രമിക്കുന്നവരായിരിക്കണം. ഇതിന്റെ നിബന്ധനകളെന്തെല്ലാമാണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു ഗ്രന്ഥം രചിച്ചിരുന്നു. അതിന്റെ പേരാണ് കിശ്ത്തീ നൂഹ് (നൂഹിന്റെ പേടകം). ആ മഹാത്മാവിന്റെ കാലത്ത് പൊട്ടിപ്പുറപ്പെട്ട പ്ലേഗ് എന്ന മഹാമാരിയിൽനിന്നും രക്ഷപ്പെടാനുള്ള ചികിത്സ വിവരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ ആ മഹാത്മാവ് എഴുതുന്നു; "പ്ലേഗിന്റെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുത്തുന്ന യഥാർത്ഥ അദ്ധ്യാപനങ്ങൾ എന്തെല്ലാമാണെന്ന് ചോദിച്ചാൽ അതിന്നായി ചുരുങ്ങിയ രീതിയിൽ ചില വരികൾ ഞാൻ ചുവടെ എഴുതുകയാണ്." തുടർന്ന് തഅ്ലിം (അദ്ധ്യാപനങ്ങൾ) എന്ന പേരിൽ ആ കാര്യങ്ങൾ എഴുതുകയുണ്ടായി. അതിൽ ആ മഹാത്മാവ് നമ്മേ ഉണർത്തിക്കൊണ്ടെഴുതുന്നു. "നാവുകൊണ്ട് ബൈഅത്ത് വാക്കുകൾ ഉരുവിട്ടു എന്നതുകൊണ്ട് കാര്യമായില്ല. ഹൃദയാത്മനാ നാം അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഞാൻ ഞാൻ ബാഹ്യമായി ബൈഅത്ത് ചെയ്തിട്ടുണ്ട് എന്നതിൽ തൃപ്തി

അടയരുത്. ബാഹ്യം ഒന്നുമല്ല, അല്ലാഹു നോക്കുന്നത് നിങ്ങളുടെ ഹൃദയത്തിലേക്കാണ്. അതനുസരിച്ചായിരിക്കും അവൻ നിങ്ങളോട് പെരുമാറുന്നത്."

"നിങ്ങൾ അല്ലാഹുവിന്റെ അവസാന ജമാഅത്താണ്. അതുകൊണ്ട്, മഹത്വത്തിൽ അത്യുന്നതസ്ഥാനത്ത് വിരാചിക്കുന്ന സൽപ്രവർത്തനങ്ങൾ നിങ്ങൾ ചെയ്യുക".

ചുരുങ്ങിയ രീതിയിൽ ചിലകാര്യങ്ങൾ ഞാൻ വിവരിച്ചെന്നേയുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ് (അ) നിർമ്മിച്ച കപ്പലിൽ തന്നെ സുരക്ഷിതമാക്കിവെക്കാനുള്ള അദ്ധ്യാപനങ്ങൾ ഈ ഗ്രന്ഥത്തിൽ ആ മഹാത്മാവ് വിവരിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രവർത്തിക്കുവാനുള്ള ഒരു ശ്രമം ഒരഹ്മദി നടത്തേണ്ടതാണ്. അല്ലാഹു നമുക്ക് നമ്മുടെ ജീവിതം ഈ അദ്ധ്യാപനങ്ങളനുസരിച്ച് ചിട്ടപ്പെടുത്താനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു അയച്ച കാലത്തിന്റെ ഇമാമിന്റെ വാക്കുകളിൽനിന്നും അധികമായി പ്രയോജനമടയുന്നവരായി നാം മാറട്ടെ.

ഇന്ന് ലോകം ആപത്തുകളിൽ ആപതിച്ചിരിക്കുകയാണ്. നവം നവങ്ങളായ രോഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ പന്നിപ്പനി എന്ന ഒരു രോഗം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇതെല്ലാം തന്നെ നമ്മെ ചിന്തിക്കാൻ നിർബന്ധിതരാക്കുകയാണ്. നാം ഒരാത്മപരിശോധന നടത്തിക്കൊണ്ട് അല്ലാഹുവിന്റെയും തിരുനബി(സ)യുടെയും അല്ലാഹു ഇക്കാലത്തയച്ച ആ മഹാത്മാവിന്റെയും അദ്ധ്യാപനങ്ങൾ അനുസരിച്ച് ജീവിക്കാനുള്ള ശ്രമം നടത്തേണ്ടതാണ്. ശ്രദ്ധാപൂർവ്വം ഇതിന്നായി നാം പരിശ്രമിക്കുമ്പോൾ അല്ലാഹു ആകാശത്ത് നിന്ന് ഇറക്കിയ വെള്ളം മുഖേന നമുക്ക് ഫലം അനുഭവിക്കാൻ സാധിക്കുന്നതാണ്. ഈ വെള്ളത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നു.

فَأَحْيَا بِهِ الْأَرْضَ بَعْدَ مَوْتِهَا

ഭൂമി അത് മൃതമായതിനുശേഷം അതുമുഖേന നാം ജീവിപ്പിച്ചു. മഴ വർഷിക്കുമ്പോൾ ഭൂമിയിൽ ജീവന്റെ പ്രസരിപ്പ് ഉണ്ടാകുന്നതു പോലെ അല്ലാഹു പ്രവാചകന്മാരും വരിഷ്ഠദാസരും മുഖേന അയക്കുന്ന ആത്മീയവൃഷ്ടി കാരണം ആത്മീയമായ പുതുജീവൻ ഇവിടെ ഉണ്ടാകുന്നു. നല്ല ഭൂമിയെപോലെ ഫലമെടുക്കാനുള്ള കഴിവുള്ളവർക്ക് മാത്രമെ ഇതിൽനിന്നും ഫലമെടുക്കാൻ സാധിക്കുകയുള്ളൂ.

ആത്മീയ ജീവനം നൽകുന്നതിന്ന് വേണ്ടി എല്ലാവർക്കുംവേണ്ടിയാണ് അല്ലാഹു ആത്മീയ ജലം ഇറക്കുന്നത്. എന്നാൽ അത് സ്വാംശീകരിച്ചുകൊണ്ട് അതിൽനിന്നും ഗുണമെടുക്കാൻ ശ്രമിക്കേണ്ടതാണ്. തിരുനബി(സ) ഇതിനെ ഒരുദാഹരണത്തിലൂടെ നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്.

മൂന്ന് വിധത്തിലുള്ള ജനങ്ങളാണ് ലോകത്ത് ഉണ്ടാക്കുക. ചിലരുടെ ഉദാഹരണം നല്ല കൃഷിയിടം പോലെയാണ്. അത് മൃദുലമായിരിക്കും. വെള്ളം ആഗിരണം ചെയ്യാനുള്ള കഴിവും ആ ഭൂമിക്കുണ്ടാകും. അതിൽ നിന്നും നല്ല വിളവും ഇതുകാരണം ഉത്പാതിപ്പിക്കപ്പെടുന്നു. ഇങ്ങനെയുള്ള ഭൂമിയിൽ മഴ വർഷിക്കുമ്പോൾ അത് മഴവെള്ളം തന്നിലേക്ക് ആഗിരണം ചെയ്യുകയും അതിൽനിന്ന് നല്ല വിളവ് പുറത്ത് വരികയും ചെയ്യുന്നു. മറ്റു ജീവികൾക്ക് ഇത് ഭക്ഷ്യവസ്തുക്കളും മറ്റുമായി നൽകികൊണ്ട് അവർക്ക് ഫലദായകമായി ത്തീരുന്നു.

തിരുനബി(സ) പറയുന്നു. മറ്റൊരു തരത്തിലുള്ള ഭൂപ്രദേശം അത് മൃദുലമായിരിക്കില്ല. അതിന് വെള്ളത്തെ തന്നിലേക്ക് ആഗിരണം ചെയ്യാനുള്ള കഴിവൊന്നും ഉണ്ടാകില്ല. എന്നാൽ അത് വെള്ളത്തെ കെട്ടിനിറുത്തും. കുളങ്ങളും തടാകങ്ങളും മറ്റും. ഈ ഭൂമിക്ക് ഈ വെള്ളം കൊണ്ട് സ്വയം ഗുണമൊന്നും ഇല്ലെങ്കിലും അതുമുഖേന അതിൽനിന്നും ഒന്നും മുളച്ചുവരുന്നില്ലെങ്കിലും മൃഗങ്ങളും മനുഷ്യനും ആ വെള്ളം കുടിക്കാൻ ഉപയോഗിക്കുന്നു. കൃഷിക്കായും ഇങ്ങനെയുള്ള വെള്ളം ഉപയോഗിക്കുന്നു.

മൂന്നാം വകുപ്പിൽപെട്ട ഭൂമി പാറപോലെ ഉറച്ചതാണ്. വലിയ വലിയ പാറക്കല്ലുകൾ, കരിങ്കൽ കുന്നുകൾ മുതലായവ. അതിൽ വെള്ളം കെട്ടിനിൽക്കുന്നില്ല. അവയ്ക്ക് വെള്ളം ആഗിരണം ചെയ്യാനുള്ള കഴിവുമില്ല അതേപോലെ വെള്ളം കെട്ടിനിൽക്കുന്നുമില്ല. ഇങ്ങനെയുള്ള ഭൂമി വെള്ളംകൊണ്ട് സ്വയം പ്രയോജനം കരസ്ഥമാക്കുകയോ മറ്റുള്ളവർക്ക് പ്രയോജനം നൽകുകയോ ചെയ്യുന്നില്ല. തിരുനബി (സ) അരുളി. ആദ്യം പറഞ്ഞ ഭൂമി സ്വയം ദീൻ സ്വീകരിക്കുകയും അറിവ് കരസ്ഥമാക്കുകയും മറ്റുള്ളവർക്ക് താൻ കരസ്ഥമാക്കിയ അറിവിനെ നൽകുകയും ചെയ്യുന്ന പണ്ഡിതനെപോലെയാണ്, വ്യക്തിയെ പോലെയാണ്.

മൂന്നാമത്തെ വകുപ്പിൽപ്പെട്ട വ്യക്തികൾ പാറപോലെ ഉറച്ച പ്രതലം പോലെയാണ്. അവിടെ വെള്ളം കെട്ടിനിൽക്കുകയോ അത് വെള്ളം ആഗിരണം ചെയ്യുകയോ ചെയ്യുന്നില്ല. ആത്മീയ വൃഷ്ടി അവർക്ക് ഒരു ഗുണവും ചെയ്യുന്നില്ലെന്ന് മാത്രമല്ല മറ്റുള്ളവർക്കും അവരിൽ നിന്ന് ഒരു ഗുണവും ലഭിക്കുന്നതല്ല.

രണ്ടാം വിഭാഗത്തിൽ പെട്ടവർ ആരാണെന്ന് തിരുനബി പറഞ്ഞിട്ടില്ല. അതിന്റെ അർത്ഥം സ്വയം ഫലമെടുക്കുന്നില്ലെങ്കിലും മറ്റുള്ളവർക്ക് ഫലം നൽകുന്നവർ. അതായത് ദീനും അറിവും പഠിക്കുകയും എന്നാൽ അതനുസരിച്ച് സ്വയം പ്രവർത്തിക്കുന്നില്ലെങ്കിലും മറ്റുള്ളവർക്ക് അവർ പഠിച്ച അറിവ് പകർന്നുകൊടുക്കുന്നവരാണ്. അത് ലഭിക്കുന്നവരിൽ സ്വാത്തികർ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.

അല്ലാഹു തന്റെ വരിഷ്ഠ ദാസൻമാരെ അയക്കുമ്പോൾ ഇങ്ങനെയുള്ള മൂന്നു വിഭാഗം ആളുകളാണ് ലോകത്ത് ഉണ്ടാകുന്നത്. ഒരു യഥാർത്ഥ വിശ്വാസി ആദ്യത്തെ വകുപ്പിൽ ഉൾപ്പെടാൻ പരിശ്രമിക്കേണ്ടതാണ്. സ്വയം പ്രയോജനമടയുന്നതിനോടൊപ്പം മറ്റുള്ളവർക്ക് പ്രയോജനം നൽകുന്നതിന് പരിശ്രമിക്കുക. തങ്ങളുടെ വരും തലമുറയിലും ചുറ്റുപാടിലും മനുഷ്യർക്ക് ഫലം നൽകുന്ന വിത്തു വിതക്കുന്നവരായി മാറേണ്ടതാണ്. نَافِعْ ആയ അല്ലാഹുവിൽ നിന്ന് ഫലമെടുക്കുന്നവരായി അപ്പോൾ മാത്രമേ നാം മാറുകയുള്ളൂ.

തുടർന്ന് അല്ലാഹു പറയുന്നു. وَبَثَّ فِيهَا مِنْ كُلِّ دَابَّةٍ

എല്ലാ ഇനത്തിലും പെട്ട ജീവികളെ അല്ലാഹു വ്യാപിപ്പിച്ചു. ഈ ജീവികളെ വ്യാപിപ്പിക്കുക എന്നതും അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ്. വിശുദ്ധ ഖുർആനിൽ ഈ വിഷയത്തെ വിവിധ സ്ഥലങ്ങളിൽ അല്ലാഹു പ്രതിപാദിക്കുന്നുണ്ട്. അല്ലാഹു പറയുന്നു.

وَالْأَنْعَامَ خَلَقَهَا ۗ لَكُمْ فِيهَا دِفْءٌ
وَّمَنَافِعُ وَمِنْهَا تَأْكُلُونَ ۝٦
وَلَكُمْ فِيهَا جَمَالٌ حِينَ تُرِيحُونَ
وَحِينَ تَسْرَحُونَ ۝٧ 16:6,7

അവൻ കന്നുകാലികളെയും സൃഷ്ടിച്ചു.നിങ്ങൾക്കതിൽ ശരീരം ചൂടാക്കുന്നതിനുള്ള ഉപകരണങ്ങളും (മറ്റു) പ്രയോജനങ്ങളുമുണ്ട് അവയിൽ ചിലതിനെ നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു. നിങ്ങൾ അവയെ സായാഹ്നത്തിൽ തിരിച്ചുകൊണ്ടു വരുമ്പോഴും പ്രഭാതത്തിൽ നിങ്ങൾ അവയെ കൊണ്ടു പോകുമ്പോഴും നിങ്ങൾക്ക് അവയിൽ അലങ്കാരമുണ്ട്. (16:6,7)

ഈ മൃഗങ്ങളുടെ തൊലിയും രോമവും മാംസവും മാത്രമല്ല അതിന്റെ എല്ലുകൾപോലും മനുഷ്യൻ ഉപയോഗിക്കുന്നു. അതോടൊപ്പം ഇന്ധനസമ്പാദനത്തിനുള്ള മാർഗ്ഗവും കൂടിയാണ്. കന്നുകാലികളെ വളർത്തി ജനങ്ങൾ അതിന്റെ കച്ചവടം നടത്തുന്നു.

ഞാൻ ആദ്യം ഓതിയ സൂറത്തുൽ ബഖറയിലെ ആയത്തിൽ ദാബ എന്ന വാക്കാണ് ഉപയോഗിച്ചത്. ഇവിടെ അൻതും എന്ന വാക്കും അൻതും എന്നാൽ കന്നുകാലികൾ. വിശുദ്ധ ഖുർആനിൽതന്നെ കന്നുകാലികൾക്കും മറ്റെല്ലാ മൃഗങ്ങൾക്കുമായി ദാബ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ദാബ എന്നാൽ എല്ലാ ജീവി വർഗ്ഗത്തെയുമാണ് പറയുന്നത്. ഒരു സ്ഥലത്ത് അല്ലാഹു പറയുന്നു.

وَلَوْ يُؤَاخِذُ اللّٰهُ النَّاسَ بِظُلْمِهِمْ مَّا
تَرَكَ عَلَيْهَا مِنْ دَآبَّةٍ وَّلٰكِنْ يُّؤَخِّرُهُمْ
اِلٰٓى اَجَلٍ مُّسَمًّى ۚ فَاِذَا جَآءَ اَجَلُهُمْ لَا
يَسْتَاْخِرُوْنَ سَاعَةً وَّلَا يَسْتَقْدِمُوْنَ ﴿٦٢﴾ (16:62)

മനുഷ്യരെ അവരുടെ തെറ്റിന് അല്ലാഹു പിടിച്ച് ശിക്ഷിക്കുകയായിരുന്നെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയേയും അവൻ അവശേഷിപ്പിക്കുകയില്ലായിരുന്നു. (16:62)

അല്ലാഹു ജനങ്ങളെ അവരുടെ പാപങ്ങൾക്ക് പകരമായി ഉടനെ പിടിക്കുകയും പാശ്ചാത്തപിച്ചു മടങ്ങുവാനുള്ള അവസരം അവർക്ക് നൽകാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈ ഭൂമിയിൽ ഒരു ജീവിയേയും തന്നെ ജീവിച്ചിരിക്കുവാൻ അനുവദിക്കുമായിരുന്നില്ല. അല്ലാഹു പെട്ടെന്ന് ശിക്ഷ നൽകാറില്ല. അതുകൊണ്ട് അവൻ മനുഷ്യരുടെ നന്മയ്ക്കായാണ് ഈ എല്ലാ ജീവി വർഗ്ഗത്തെയും തന്നെ ഭൂമിയിൽ നിലനിർത്തിയിരിക്കുന്നത്. ചെറിയ ചെറി യ കീടങ്ങൾ മുതൽ വലിയ വലിയ മൃഗങ്ങൾ വരെ ഇതിൽ ഉൾപ്പെടുന്നതാണ്.

ഭൂമിയെ മൃതാവസ്ഥയ്ക്ക് ശേഷം ജീവിപ്പിക്കുകയും അതിൽ നാനാതരം ജീവി വർഗ്ഗത്തെ വ്യാപിപ്പിക്കുകയും ചെയ്ത ഉദാഹരണം വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നത്. ഭൂമിയിലുള്ള ഈ ജീവിതത്തിൽ ജീവി വർഗ്ഗത്തിന് വലിയൊരു പങ്കുണ്ടെന്നാണ്. ജീവിതം അവസാനിപ്പിക്കണമെങ്കിൽ ഇവിടെയുള്ള മറ്റു ജീവി വർഗ്ഗത്തെ അവസാനിപ്പിച്ചാൽ തന്നെ മനുഷ്യന്റെ നിലനിൽപ്പ് അവതാളത്തിലാകും. ആത്മീയ ലോകത്തും ഇതേ രീതിയിലുള്ള ദാബ ഉണ്ട്. ആത്മീയ ജലത്താൽ അനുഗ്രഹിതരായ വിശ്വാസികളാണത്. അവർ പിന്നീട് ഭൂമിയുടെ അലങ്കാരങ്ങളായി മാറുന്നു. ഭൂമിയിൽ വ്യാപിച്ചുകൊണ്ട് അല്ലാഹുവിന്റെ സന്ദേശം ലോകത്തെത്തിക്കുന്നു. അല്ലാഹുവിന്റെ സന്ദേശം ലോകത്തെല്ലായിടത്തും എത്തിച്ചുകൊണ്ട് ഈ ലോകത്തെ നിലനിൽപിനും അലങ്കാരത്തിനുമുള്ള സംവിധാനം ഒരുക്കണമെന്ന ഉത്തരവാദിത്വമാണ് ദൈവത്തിൻ്റം വരിഷ്ഠ ദാസൻമാരുടെ ജമാഅത്തിന് അല്ലാഹു നൽകുന്നത്.

തുടർന്ന് കാറ്റിനെക്കുറിച്ച് പറയുന്നു. ഈ ലോകത്ത് കാറ്റിനെ അല്ലാഹു മനുഷ്യന് അധീനപ്പെടുത്തിക്കൊടുക്കുന്നു. ഇതേപോലെ ആത്മീയ ലോകത്തും കാറ്റ് വീശാറുണ്ട്. അല്ലാഹു തന്റെ ഫള്‌ലിന്റെ കാറ്റുകൾ ആത്മീയ ലോകത്ത് ചലിപ്പിക്കുന്നു. അല്ലാഹു തന്റെ വരിഷ്ഠദാസരേയും അവരാൽ സ്ഥാപിതമായ ജമാഅത്തിനേയും ഇതുമുഖേന സഹായിക്കുന്നു. എതിർപ്പിന്റെ കൊടുംകാറ്റ് വരുമ്പോൾ അതിന്റെ നഷ്ടങ്ങളിൽനിന്നും അല്ലാഹു സംരക്ഷിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രമൊന്ന് കണ്ണോടിച്ചു നോക്കൂ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലം മുതൽ ഇന്ന്വരെ അല്ലാഹു തന്റെ ഫള്‌ല് കൊണ്ട് നമുക്കെതിരെ വീശുന്ന കാറ്റുകളെ നമുക്കനുകൂലമാക്കിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള കാറ്റുകൾ നമുക്കനുകൂലമാക്കുക മാത്രമല്ല. സ്വാത്തികരായവർക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിക്കാൻ അവസരം ഒരുക്കുകയും ചെയ്യുന്നു. എനിക്ക് ലഭിക്കുന്ന നിത്യേനയുള്ള കത്തുകളിൽ അഹ്മദിയ്യത്ത് അവർക്കെങ്ങനെ സ്വീകരിക്കാൻ സാധിച്ചു എന്ന പരാമർശമുള്ള പല കത്തുകളും ലഭിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു അവർക്ക് സ്വയം വഴികാട്ടുകയാണ്. അറബികൾ അവരുടെ പ്രകൃതം കൊണ്ടോ ഭാഷാപരമായ കഴിവുകൊണ്ടോ അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള അവസരം ലഭിച്ചതിനെക്കുറിച്ച് പറയുമ്പോൾ അവർ പൊതുവിൽ മന്ദമാരുതനെ ഉപമിച്ചുകൊണ്ടാണ് പറയാറുള്ളത്. അഹ്മദിയ്യത്തിലേക്ക് എങ്ങിനെയാണ് അല്ലാഹു അവർക്ക് കുളിർ തെന്നൽ നൽകിക്കൊണ്ട് കൊണ്ടുവന്നത് എന്നവർ വിവരിക്കാറുണ്ട്. അല്ലാഹു മഴയും കാറ്റുമെല്ലാം മുഅ്മിനിങ്ങൾക്കനുകൂലമാക്കിക്കൊണ്ടയക്കുന്നു. നമുക്ക് ഓരോ നിമിഷവും اَلنَّافِعْ ആയ അല്ലാഹു ഫലം നൽകിക്കൊണ്ടിരിക്കുകയാണ്.

ഈ കാലത്ത് തന്റെ ആത്മീയ അനുഗ്രഹങ്ങൾ നിലനിറുത്തുന്നതിനായി അയക്കപ്പെട്ട വ്യക്തിയാൽ സ്ഥാപിതമായ ജമാഅത്തിലാണ് നാം അംഗമായിട്ടുള്ളത്. നമ്മുടെ എതിരാളികൾ അതിക്രൂരമായ രീതിയിൽ ആദ്യമെല്ലാം നമ്മുടെ വഴി തടയാൻ ശ്രമിച്ചു. എന്നാൽ അതിനു മറുപടിയായി അവർക്ക് അനുഗ്രഹലബ്ധിക്കായി നാം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇന്നും നാം പ്രാർത്ഥിക്കുന്നു.

തിരുനബി (സ.അ) ചെയ്ത اَللّٰهُمَّ اهْدِ قَوْمِيْ فَاِنَّهُمْ لاَ يَعْلَمُوْنَ

എന്ന ദുആ അന്നും ഇന്നും നാം ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു അവർക്ക് ഹിദായത്തിനുള്ള വഴികൾ ഒരുക്കുമാറാകട്ടെ.

എന്നാൽ ഇപ്പോൾ ഇവർ മറ്റൊരു മാർഗ്ഗമാണ് അവലംബിക്കുന്നത്. മുമ്പും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് ശക്തമായിക്കൊണ്ടിരിക്കുകയാണ്. അവർ പറയുന്നത് ഖാദിയാനികളെ മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ (അ) നിഷേധിച്ചുകൊണ്ട് ഞങ്ങളുടെ അടുത്തേക്ക് വരികയാണെങ്കിൽ ഞങ്ങൾ നിങ്ങളെ മാറോടണക്കാം അതായത് നാഫിയായ അല്ലാഹുവിനാൽ അയക്കപ്പെട്ട വ്യക്തിയെ നിഷേധിച്ചുകൊണ്ട് ഞങ്ങളോടൊപ്പം ചേരുക എന്നാണ് അവർ പറയുന്നത്. അവിടെ ഫിത്നയും ഫസാദുമല്ലാതെ മറ്റെന്താണുള്ളത്. ഞങ്ങൾ ഉമ്മത്തലുള്ളവരാണെന്ന് അവർ വാദിക്കുന്നതോടൊപ്പം തന്നെ മുസ്ലിംകളുടെ കഴുത്തറുക്കുകയും ചെയ്യുന്നു. ഏതായിരുന്നാലും അല്ലാഹു ഞങ്ങൾക്ക് ഹിദായത്ത് നൽകിയിരിക്കുന്നു. യഥാർത്ഥ ഹിദായത്ത് അല്ലാഹു നൽകിയ ഹിദായത്താണെന്ന് പറയാൻ അവൻ നമ്മോട് കൽപിക്കുകയും ചെയ്യുന്നു. ഫിത്നയിൽ നിന്നും ഫസാദിൽനിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അല്ലാഹു അയച്ച ഈ മഹ്ദി ഇമാമിനെ നിങ്ങൾ സ്വീകരിക്കുക.

قُلْ أَنَدْعُوا مِنْ دُوْنِ اللهِ مَا لَا يَنْفَعُنَا
وَلَا يَضُرُّنَا وَنُرَدُّ عَلَىٰ أَعْقَابِنَا بَعْدَ إِذْ
هَدٰنَا اللهُ كَالَّذِى اسْتَهْوَتْهُ الشَّيٰطِيْنُ
فِى الْأَرْضِ حَيْرَانَ لَهٗ أَصْحٰبٌ
يَّدْعُوْنَهٗ إِلَى الْهُدَى ائْتِنَا ۗ قُلْ إِنَّ هُدَى
اللهِ هُوَ الْهُدٰى ۗ وَأُمِرْنَا لِنُسْلِمَ لِرَبِّ
الْعٰلَمِيْنَ ﴿٧٢﴾ 6:72

പറയുക: 'അല്ലാഹുവിനെ വിട്ട് ഞങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വല്ലതിനേയും ഞങ്ങൾ വിളിച്ച് പ്രാർത്ഥിക്കുകയോ?. ഞങ്ങളെ അല്ലാഹു നേർമാർഗ്ഗത്തിലാക്കിയശേഷം ഞങ്ങൾ പിന്നോട്ട് മടക്കപ്പെടുകയുമാണോ, പിശാചുക്കൾ ഭൂമിയിൽ വഴിതെറ്റിച്ചുകൊണ്ടുപോയി. പരിഭ്രമിച്ച് അലയുന്നവനെപ്പോലെ! അവന് ചില കൂട്ടുകാരുണ്ട്. "നേർവഴിയിലേക്ക് ഞങ്ങളുടെ അടുത്തേക്ക് വരൂ." എന്നു പറഞ്ഞുകൊണ്ട് അവർ അവനെ വിളിക്കുന്നു. പറയുക അല്ലാഹുവിന്റെ മാർഗദർശനം തന്നെയാണ് യഥാർത്ഥ മാർഗദർശനം. സർവ്വലോകപരിപാലകനായ അല്ലാഹുവിനെ അനുസരിക്കണമെന്ന് ഞങ്ങളോട് കൽപിക്കപ്പെട്ടിരിക്കുന്നു.(6:72)

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിനെ വിശദീകരിച്ചുകൊണ്ട് എഴുതുന്നു. നീ അവരോട് പറയുക , നിങ്ങളുടെ ചിന്തകൾക്കെന്തു വില. അല്ലാഹു നേരിട്ട് നൽകുന്നതാണ് യഥാർത്ഥ ഹിദായത്ത്. മനുഷ്യൻ ദുർവ്യാഖ്യാനംമൂലം അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ ആശയങ്ങൾതന്നെ മാറ്റിമറിക്കുന്നു. ഒരു കാര്യത്തെ മറ്റൊരു കാര്യമായി മനസ്സിലാക്കുന്നു. തെറ്റുപറ്റാത്തവൻ അല്ലാഹു മാത്രമാണ്. അത് കൊണ്ട് അവൻ നൽകുന്ന മാർഗ്ഗദർശനമാണ് യഥാർത്ഥ മാർഗ്ഗദർശനം. സ്വന്തം വ്യാഖ്യാനങ്ങളെ ഒരിക്കലും ആശ്രയിക്കാൻ സാധ്യമല്ല. ഇതാണ് യഥാർത്ഥ മാർഗ്ഗദർശനവും ഇസ്‌ലാമിന്റെ സന്ദേശവും. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന നമുക്ക് ലഭിച്ചിട്ടുള്ള ഈ ദൈവിക ഹിദായത്തിനെ കൈവിട്ടുകൊണ്ട് ഇന്നും വിശുദ്ധഖുർആന്റെ കാര്യത്തിൽ സംശയാലുക്കളായവരുടെ കൂടെയാണോ ഞങ്ങൾ കൂടേണ്ടത്. അവർ നാസിഖ് മൻസൂഖിന്റെ ചർച്ചയിലാണ് ഇന്നുമുള്ളത്. ഇവർ ആദ്യമൊക്കെ 14-ാം നൂറ്റാണ്ടിൽ മസീഹ് മഹ്ദി വരുമെന്ന് പ്രതീക്ഷിച്ചു കാത്തിരുന്നു. എന്നാൽ ഇപ്പോൾ നൂറ്റാണ്ടും കഴിഞ്ഞു. എന്നിട്ടും തിരുനബി (സ.അ) യുടെ പ്രവചനത്തെ നിഷേധിക്കുകയാണിവർ. ഇക്കൂട്ടർ ഒരേ ഒരു റസൂലിന്റെ ഉമ്മത്തികളായിട്ടും ഒരേ ഒരു ഗ്രന്ഥം അനുസരിക്കുന്നവരായിട്ടും പരസ്പരം കുഫ്റ് ഫത്‌വകൾ നൽകിക്കൊണ്ടിരിക്കുന്നു. ഞങ്ങൾ വാഗ്ദത്ത മഹ്ദീ മസീഹിലൂടെ അറിവ് കരസ്ഥമാക്കിയിരിക്കുന്നു. തിരുനബി (സ.അ) യെ അവസാനത്തെ ശരീഅത്തോട് കൂടി അയക്കുകയും വിശുദ്ധ ഖുർആനാകുന്ന അതിമഹത്തായ ഗ്രന്ഥം തിരുനബിയിൽ ഇറക്കുകയും ചെയ്ത ആ അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനമാണ് ഞങ്ങൾ കരസ്ഥമാക്കിയിരിക്കുന്നത്.

അതിനാൽ ഞങ്ങളുടെ ഗുണത്തിനായി അല്ലാഹു ഇക്കാലത്ത് തിരുനബി (സ.അ) യുടെ രണ്ടാം നിയോഗം ഇവിടെ നടത്തിയിരിക്കെ ഈ അല്ലാഹുവിനെ വിട്ടുകൊണ്ട് ഞങ്ങൾക്ക് മറ്റൊരിടത്തേക്ക് പോകേണ്ട ആവശ്യം എന്തിരിക്കുന്നു. ഇന്ന് ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ നിഷേധിക്കുകയാണെങ്കിൽ ആ മഹാത്മാവിന്റെ സത്യസാക്ഷ്യത്തിനായി അല്ലാഹു വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഉജ്ജ്വല അടയാളക്കുറിച്ച് ഞങ്ങൾക്ക് എന്ത് പറയാൻ കഴിയും. അല്ലാഹു തന്റെ വാഗ്ദാനപ്രകാരം ഓരോ അടയാളവും പുലർത്തിക്കൊണ്ടിരിക്കുകയാണ്. എത്രയെത്ര അടയാളങ്ങളാണ് അവൻ പുലർത്തിക്കൊണ്ടിരിക്കുന്നത്. ഇത് മനുഷ്യന്റെ പ്രവർത്തിയായിരുന്നെങ്കിൽ ഇതിനെ നശിപ്പിക്കുന്നതിന്നായി 120 വർഷമായി ശത്രുക്കൾ കഠിന പരിശ്രമം ചെയ്തുകൊണ്ടിരുന്നിട്ടും എന്തുകൊണ്ട് ഇത് നശിച്ചില്ല. മാത്രമല്ല വിജയത്തിനുമേൽ വിജയം അല്ലാഹു ഞങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ എതിരാളികളെ എപ്പോഴുംതന്നെ പരാജിതരായാണ് ഞങ്ങൾ കണ്ടിട്ടുള്ളത്. അവരുടെ അവസ്ഥ കാണുമ്പോൾ അല്ലാഹു അയച്ച തിരുനബിയുടെ പ്രിയ ദാസനിൽ ഞങ്ങളുടെ വിശ്വാസം വർദ്ധിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്.

അതുകൊണ്ട് ഞങ്ങളെ ക്ഷണിക്കുന്നതിനു പകരം ഞങ്ങളിതാ നിങ്ങളെ ഈ വാഗ്ദത്ത മഹ്ദീമസീഹിന്റെ ജമാഅത്തിലേക്ക് ക്ഷണിക്കുന്നു വരുവിൻ ഈ ജമാഅത്തിൽ അണിനിരക്കുവിൻ. ഇതിലാണ് നിങ്ങളുടെയും ലോകത്തിന്റേയും രക്ഷയുള്ളത്. അല്ലാഹു അവർക്ക് ഇതിന് തൗഫീക്ക് നൽകുമാറാകട്ടെ

അവസാനം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരുദ്ധരണികൂടി കേൾപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സദസ്സിൽ ഭീം സ്വദേശിയായ ഫൈസിയെക്കുറിച്ചുള്ള പരാമർശം നടക്കുകയുണ്ടായി. അയാൾ ഇഅ്ജാസുൽ മസീഹിന് മറുപടി എഴുതാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അതിൽ അയാൾക്ക് വിജയിക്കാൻ സാധിച്ചില്ല. അല്ലാഹു അദ്ദേഹത്തെ നശിപ്പിച്ചുകളഞ്ഞു. ഇതു സംബന്ധമായി ആ മഹാത്മാവ് പറയുന്നു.ഇത് നമ്മുടെ സത്യതക്ക് പിൻബലം നൽകിക്കൊണ്ട് അല്ലാഹുവിൽ നിന്നുള്ള എത്ര ശക്തമായ ഒരടയാളമാണ്. കാരണം വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

وَأَمَّا مَا يَنْفَعُ النَّاسَ فَيَمْكُثُ فِى الْأَرْضِ ۗ 13:18

മനുഷ്യന് ഗുണം നൽകുന്നതിനെ ഭൂമിയിൽ നിലനിർത്തുന്നതാണ്. നമ്മുടെ എതിരാളികൾ പ്രചരിപ്പിക്കുന്നതുപോലെ ഈ പ്രസ്ഥാനം ദൈവത്തിൽ നിന്നുള്ളതല്ലായിരുന്നുവെങ്കിൽ, ജനങ്ങളുടെ നന്മക്കായി ഫൈസി തുടങ്ങിയിരുന്ന പ്രവർത്തനത്തെ അല്ലാഹു വിജയിപ്പിക്കുകയാണ് വേണ്ടിയിരുന്നത്. അതിനുപകരം അയാളുടെ യുവത്വത്തിലുള്ള മരണം തെളിയിക്കുന്നത് ഈ പ്രസ്ഥാനത്തിനെതിരിൽ പേനയെടുക്കുക എന്നത് ഒരിക്കലും ജനങ്ങളുടെ ഗുണത്തിനു വേണ്ടിയുള്ള പ്രവർത്തിയായിരുന്നില്ല എന്നാണ്. അയാളുടെ നിയ്യത്ത് ശരിയായിരുന്നില്ല എന്നെങ്കിലും നമ്മുടെ എതിരാളികൾ സമ്മതിച്ചേ പറ്റൂ. അതല്ലെങ്കിൽ അല്ലാഹു എന്തുകൊണ്ട് അയാളെ സഹായിക്കുകയും സമയം നൽകുകയും ചെയ്തില്ല. സമയം ലഭിച്ചിരുന്നെങ്കിൽ തന്റെ ഉദ്യമം പൂർത്തിയാക്കാമായിരുന്നല്ലോ.

എന്റെ ഇൽഹാമിലും ഇപ്രകാരമുണ്ട്.

وَأَمَّا مَا يَنْفَعُ النَّاسَ فَيَمْكُثُ فِى الْأَرْضِ

30 വർഷം മുമ്പ് എനിക്ക് അതിശക്തമായ പനി ബാധിച്ചു. കുറേ തീക്കനൽ നെഞ്ചത്ത് വെച്ചതുപോലുള്ള അവസ്ഥയായിരുന്നു. ആ സമയത്ത് എനിക്ക് ഇൽഹാം ഉണ്ടായി.

وَاَمَّا مَا يَنۡفَعُ النَّاسَ فَيَمۡكُثُ فِي الۡاَرۡضِ ط

ചില മുസ്‌ലിം വിരോധികൾക്ക് ദീർഘായുസ്സ് ലഭിക്കുന്നണ്ടല്ലോ എന്ന ആക്ഷേപത്തിന് മറുപടി പറഞ്ഞുകൊണ്ട് എഴുതി. എന്റെ വീക്ഷണത്തിൽ അവരുടെ സാന്നിധ്യവും ചിലപ്പോൾ ഗുണപ്രദമായിരിക്കും. നോക്കു അബൂജഹൽ ബദർ യുദ്ധം വരെ ജീവിച്ചിരുന്നു. എതിരാളികൾ ആക്ഷേപം ഉന്നയിച്ചിട്ടില്ലായിരുന്നുവെങ്കിൽ വിശുദ്ധഖുർആന്റെ മുപ്പത് ജുസൂഉകൾ എവിടെനിന്ന് വരാനാണ്. ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടേ ഇരുന്നു. അതനുസരിച്ച് കൊണ്ട് ചില സമയങ്ങളിൽ കൽപനകൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്തു. ഏതൊരു വ്യക്തിയെക്കൊണ്ടാണ് ഗുണം ഉണ്ടാകുന്നത് അവർക്ക് അല്ലാഹു സമയം നീട്ടിക്കൊടുക്കുന്നു. നമ്മുടെ എതിരാളികൾ ഇന്ന് ജീവിച്ചിരിക്കുന്നുണ്ട്. അവരുടെ ആക്ഷേപംകൊണ്ട് വിശുദ്ധ ഖുർആന്റെ യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും വെളിപ്പെട്ടു കൊണ്ടിരിക്കുന്നു. മെഹർ അലിഫാ ആക്ഷേപം ഉന്നയിച്ചില്ലായിരുന്നുവെങ്കിൽ നുസൂലെ മസീഹ് എന്ന ഗ്രന്ഥം രചിക്കപ്പെടുമായിരുന്നോ. ഇതേപോലെത്തന്നെ ഇസ്‌ലാമല്ലാത്ത മറ്റു മതങ്ങളുടെ നിലനിൽപും അനിവാര്യമാണ്. അപ്പോഴാണ് ഇസ്‌ലാമിന്റെ മഹത്വവും സൗന്ദര്യവും പ്രകടമാകുകയുള്ളു. മതതാരതമ്യപഠനം നടത്തുമ്പോഴാണ് ഇസ്‌ലാമിന്റെ മനോഹാരിത പ്രകടമാകുകയുള്ളൂ.

അല്ലാഹു اَلنَّافِعُ എന്ന ഗുണത്തിൽ നിന്ന് ഫലമെടുക്കുന്നതിനുള്ള തൗഫീക്ക് നൽകുമാറാകട്ടെ. ഫലപ്രദമായ വ്യക്തിത്വങ്ങളായി മാറാനുള്ള തൗഫീഖും നൽകുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന ഇവിടെ നടപ്പിൽ വരേണ്ട ആത്മീയ വിപ്ലവത്തിൽ നമുക്കും പങ്കാളികളാകാനുള്ള തൗഫീക്ക് നൽകുമാറാകട്ടെ.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 01 - 05 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**